## റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാലക്ക് ഇ.എസ്.ഐ. നിയമം ബാധകം

### മദ്രാസ് ഹൈക്കോടതി

C.M.A. No. 1344/2013 Dt. 16.2.2021

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ
x
കാവേരി കളക്ഷൻസ് (പി) ലിമിറ്റഡ്

റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിക്കുകയും വില്ക്കുകയും ചെയ്യുന്ന സ്ഥാപനമാണ് തൊഴിലുടമ നടത്തുന്നത്. അവിടെ പതിനൊന്ന് തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. വസ്ത്ര നിർമ്മാണത്തിന് തയ്യൽ മെഷീനുകളും വസ്ത്രങ്ങൾ ഇസ്തിരിയിടുന്നതിന് ഇലക്ട്രിക് ഇസ്തിരിപ്പെട്ടിയും സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. അപ്രകാരമിരിക്കെ എൻഫോഴ്സ്മെന്റ് ഓഫീസർ സ്ഥാപനത്തിൽ പരിശോധന നടത്തുകയും ഇ.എസ്.ഐ. നിയമം ബാധകമായ സ്ഥാപനം വിഹിതമടയ്ക്കുന്നില്ലെന്നു കാണിച്ച് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്തിയ ഇ.എസ്.ഐ. ഡയറക്ടർ സ്ഥാപനത്തിന്റെ എതിർവാദങ്ങൾ തള്ളിക്കളയുകയും 41,828 രൂപ സ്ഥാപനം വിഹിതമായി അടയ്ക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ സ്ഥാപനം എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ പരാതി നല്കി. വസ്ത്ര നിർമ്മാണവും ഇസ്തിരിയിടലും ഉൽപാദന പ്രവൃത്തിയല്ലെന്നും 20 തൊഴിലാളികൾ സ്ഥാപനത്തിൽ ഇല്ലെന്നും വിലയിരുത്തിയ ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. പത്തുപേർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇ.എസ്.ഐ. നിയമം ബാധകമാണെന്നിരിക്കെ 20 തൊഴിലാളികളില്ലെന്ന കാരണത്താലും ഉൽപാദന പ്രവൃത്തിയില്ലെന്ന കാരണത്താലും സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമല്ലെന്ന് വിധിച്ചത് തെറ്റാണെന്ന് ഇ.എസ്.ഐ. അധികൃതർ വാദിച്ചു. പത്ത് പേർ ജോലി ചെയ്യുന്ന സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമാണെന്ന് നിയമത്തിൽ വ്യവസ്ഥയുള്ളതിനാൽ 11 പേർ ജോലി ചെയ്യുന്ന സ്ഥാപനത്തിന് നിയമം ബാധകമല്ലെന്ന് ഇൻഷുറൻസ് കോടതി വിധിച്ചത് തെറ്റും നിയമവിരുദ്ധവുമാണെന്ന് വിലയിരുത്തിയ ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ഇ.എസ്.ഐ. കോർപ്പറേഷന്റെ അപ്പീൽ അനുവദിക്കുകയും വിഹിതമടയ്ക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നല്കുകയും ചെയ്തു.